**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 42** **12-01-2021 - ൽ മറുപടിയ്ക്ക്**

**ഔദ്യോഗിക വിദേശയാത്രകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖല സ്ഥാപന മേധാവികൾ ഉൾപ്പെടെ ഉള്ളവരുടെ ഔദ്യോഗിക വിദേശ യാത്രകൾ സംബന്ധിച്ച് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 16.02.2019-ലെ സ.ഉ.(അ)നം.12/2019/ധന. പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ, ചീഫ് എക്സിക്യൂട്ടീവുമാർ, പൊതുമേഖലാസ്ഥാപന ങ്ങളിലെയും കോർപ്പറേഷനുകളിലെയും സ്വയംഭരണ സ്ഥാപനങ്ങളിലെയും ഡയറക്ടർമാർ, ജീവനക്കാർ എന്നിവർ ഉൾപ്പെടെയുള്ളവരുടെ ഔദ്യോഗിക വിദേശയാത്രകൾ, കേരളത്തിനകത്തും പുറത്തുമായുള്ള വിമാനയാത്രകൾ എന്നിവ സംബന്ധിച്ച നിയന്ത്രണങ്ങളുമായി ബന്ധപ്പെട്ട ഒരു സമഗ്ര ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഈ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; | (ബി) | ആയത് ബന്ധപ്പെട്ട സ്ഥാപന മേധാവികൾ നിരീക്ഷിക്കുകയും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. |
| (സി) | ഔദ്യോഗിക വിദേശ യാത്രക്ക് ശേഷം ആ യാത്രകൊണ്ട് ഉണ്ടായ നേട്ടം, യാത്രയിൽ സ്ഥാപിച്ചെടുക്കുവാനായ ഗുണപരമായ ഭാവിബന്ധങ്ങൾ എന്നിവയൊക്കെ സംബന്ധിച്ച് റിപ്പോർട്ടുകൾ നൽകാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഔദ്യോഗിക വിദേശയാത്രയ്ക്കുശേഷം പ്രസ്തുത യാത്ര കൊണ്ടുണ്ടായ നേട്ടം, സ്ഥാപിച്ചെടുക്കാനായ ഗുണപരമായ ഭാവിബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച റിപ്പോർട്ടുകൾ നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പ് / സ്ഥാപനമേധാവികളാണ്. |
| (ഡി) | വിദേശയാത്രകളുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രസ്തുത യാത്രകൊണ്ട് നേടിയെടുക്കാൻ ആയോ എന്ന കാര്യം പരിശോധിക്കുവാൻ സംവിധാനം ഉണ്ടാക്കുമോ എന്ന് അറിയിക്കുമോ? | (ഡി) | 16.02.2019-ലെ സ.ഉ.(അ)നം.12/2019/ധന. ഉത്തരവിൽ അനുബന്ധമായി വിദേശയാത്രകളുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമായി രേഖപ്പെടുത്തേണ്ട പ്രഫോർമ നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ച് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ട വകുപ്പ് / സ്ഥാപന മേധാവികൾക്കാണ്. |

സെക്ഷൻ ഓഫീസർ